കേരളസർവകലാശാല

നം.പി.ആർ.167/2022

# പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2022
## ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരളസർവകലാശാലയുടെ 2022-23 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശാദാംശങ്ങൾ വെബ്സൈറ്റിൽ) ആഗസ്റ്റ് 11 ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും പ്രസ്തുത വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതും അവരെ രണ്ടും മൂന്നും അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഈ ഘട്ടത്തിൽ പ്രവേശനത്തിനായി കോളേജിൽ ഹാജരാകേണ്ടതില്ല.

വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ ആഗസ്റ്റ് 11 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി നീക്കം ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുകയും അപ്രകാരം ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## എം.ബി.എ. (ഈവനിംഗ് – റെഗുലർ) – അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല 2022 – 23 അദ്ധ്യയന വർഷം മുതൽ എം.ബി.എ. (ഈവനിംഗ് – റെഗുലർ) പ്രോഗ്രാം ഐ.ഐ.കെ., കാര്യവട്ടം, കവടിയാർ എച്ച്.എൽ.എൽ.മാനേജ്മെന്റ് അക്കാദമി, മൺവിള അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവടങ്ങളിൽ നടക്കുന്നതാണ്. അപേക്ഷകർക്ക് 2022 ജനുവരി 1 ന് 25 വയസ്സ് പ്രായമുണ്ടായിരിക്കണം. ബിരുദത്തിന് 50% മാർക്കോടോ 3 വർഷത്തെ പ്രവൃത്തിപരിയം. എല്ലാ അപേക്ഷകർക്കും ഗ്രൂപ്പ് ഡിസ്കഷനും വ്യക്തിഗത അഭിമുഖവും ഉണ്ടായിരിക്കും. ആഴ്ചയിൽ 5 ദിവസത്തേക്ക് 5.30 മണിക്ക് ശേഷമാണ് ക്ലാസ് സമയം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 അഗസ്റ്റ് 20. അപേക്ഷകൾ https://admissions.keralauniversity.ac.in വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക്. പാർട്ട്ടൈം റീസ്ട്രക്ച്ചേർഡ് (2008 & 2013 സ്കീം), സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ബിഹേവിയറൽ ഇക്കണോമിക്സ് ആന്റ് ഡേറ്റാ സയൻസ്, എം.എസ്.ഡബ്ല്യൂ. ഡിസാസ്റ്റർ മാനേജ്മെന്റ്, എം.എസ്.സി. ബോട്ടണി (എഥനോബോട്ടണി ആന്റ് എഥനോഫാർമക്കോളജി) ന്യൂജനറേഷൻ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 14. അപേക്ഷാഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രം അടയ്ക്കേണ്ടതാണ്. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടക്കുന്ന തുക സൂക്ഷ്മപരിശോധനയ്ക്ക് പരിഗണിക്കുന്നതല്ല.

## ടൈംടേബിൾ

കേരളസർവകലാശാല 2022 സെപ്റ്റംബർ 14 മുതൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2019 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ./എം.എം.സി.ജെ/എം.എ.എച്ച്.ആർ.എം. (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ) (ന്യൂജനറേഷൻ കോഴ്സുകൾ ഒഴികെ) പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ആഗസ്റ്റ് 17 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 22 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 24 വരെയും അപേക്ഷിക്കാം. 2021 അഡ്മിഷൻ (റെഗുലർ) അപേക്ഷകർ www.slcm.keralauniversity.ac.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020, 2019, 2018 അഡ്മിഷൻ അപേക്ഷകർ www.exams.keralauniversity.ac.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പെൻഷൻ/ഫാമിലി പെൻഷൻ മസ്റ്ററിംഗ് – തീയതി നീട്ടി

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കായുള്ള 2022-23 വർഷത്തെ മസ്റ്ററിംഗ് 2022 സെപ്റ്റംബർ 15 വരെ നീട്ടിയിരിക്കുന്നു. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഫിനാൻസ് ഓഫീസർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചോ നേരിട്ടു ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്. ജീവൻപ്രമാൺ സംവിധാനം വഴി പെൻഷൻകാർക്ക് പി.പി.ഒ.നമ്പർ, ആധാർ നമ്പർ, മൊബൈൽ ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീസ്, അക്ഷയ ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്.

## പി.എച്ച്ഡി. നൽകി

പ്രവീൺ ആർ. (എഡ്യൂക്കേഷൻ), മെറിൻ ജോർജ്, വിപിൻദാസ് വി. (ഫിസിക്സ്) , ലക്ഷ്മി എ.ജെ., രാകേഷ് എസ്. (കൊമേഴ്സ്), വിഷ്ണു കെ.പി. (മാനേജ്മെൻറ് സ്റ്റഡീസ് ), സുധീഷ് കുമാർ ജെ., ആശാറാണി എ. (പൊളിറ്റിക്കൽ സയൻസ്), ലക്ഷ്മി ദേവി സി.എ. (സിവിൽ എഞ്ചിനീയറിംഗ്), തേജസ് എസ് നമ്പൂതിരി (സംസ്കൃതം), മനോഹരൻ എൻ.കെ.(ഇക്കണോമിക്സ്) സംഗീത റേച്ചൽ കോരുത് (ഇംഗ്ലീഷ്) എന്നിവർക്ക് പി.എച്ച്ഡി. നൽകാൻ ആഗസ്റ്റ് 5 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
06.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**